പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3661 26.06.2012 -ലെ മറുപടി

## മലബാറിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ

ചോദ്യം

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലബാറിലെ ജില്ലകളിൽ ചില റൂട്ടുകളിലൊഴികെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ നൽകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | മലബാറിലെ ജില്ലകളിൽ കെ.എസ്.ആർ.ടി.സി. യുടെ ഓർഡിനറി സർവ്വീസുകൾ വ്യാപകമായി എല്ലാ റൂട്ടുകളിലും നിലവിലില്ല. അവിടങ്ങളിലൊക്കെ സ്വകാര്യ ബസ്സുകളാണ് കൂടുതലായി സർവ്വീസ് നടത്തി വരുന്നത്. അതുകൊണ്ട് തന്നെ എല്ലാ റൂട്ടുകളിലും കൺസഷൻ ടിക്കറ്റ് നൽകുവാൻ കെ.എസ്.ആർ.ടി.സി. ക്ക് കഴിയുന്നുമില്ല. കെ.എസ്.ആർ.ടി.സി യഥേഷ്ടം സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ കൺസഷൻ ടിക്കറ്റ് നിലവിൽ നൽകി വരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എല്ലാ റൂട്ടുകളിലും വിദ്യാർത്ഥികൾക്ക് കൺസെഷൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ